പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 669 — 30.06.2016 ന് മറുപടിയ്ക്ക്.

*മണലൂരിൽ പ്രവർത്തിക്കുന്ന ഐ ടി ഐ*

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. മുരളി പെരുനെല്ലി : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) മണലൂരിൽ പ്രവർത്തിക്കുന്ന ഐ ടി ഐ യിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ; പുതിയ ട്രേഡുകൾ ആരംഭിക്കാൻ നടപടികൾ ഉണ്ടോ; | (എ) മണലൂർ ഐ ടി ഐ യിൽ നിലവിൽ എം.എം.വി (2 യൂണിറ്റ്), ഡി/സിവിൽ (2 യൂണിറ്റ്) ട്രേഡുകൾ ഉണ്ട്. നിലവിലുള്ള ട്രേഡുകൾക്ക് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയതിനുശേഷം പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) പ്രസ്തുത ഐ.ടി.ഐ യുടെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെട്ടിടങ്ങളുടെ നവീകരണത്തിനും പുതിയ കെട്ടിട നിർമ്മാണത്തിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ? | (ബി) മണലൂർ ഐ.ടി.ഐ യുടെ കെട്ടിട നിർമ്മാണത്തിനു വേണ്ടി 2013-14 സാമ്പത്തിക വർഷം 130 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. |

Bindu

സെക്ഷൻ ഓഫീസർ